2997
24/06
LSGE
23/6

കേരള സർക്കാർ

നം:78573/ഡി.ബി1/08/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി:11/6/2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് -ഭവന നിർമ്മാണം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന വസ്തു കൈമാറ്റം ചെയ്യുന്നത് മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന:- 1. 17/11/08-ലെ പഞ്ചായത്ത് ഡയറക്ടറുടെ ജെ6-20738/08 നമ്പർ കത്ത്.
2. 25/5/09-ലെ 2.13 നമ്പർ സി.സി തീരുമാനം

വീട് വയ്ക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ധനസഹായം വിനിയോഗിച്ച് വിലയ്ക്ക് വാങ്ങിയ ഭൂമി തദ്ദേശസ്വയംഭരണസ്ഥാനത്തിന്റെ അറിവോ സമ്മതമോ കൂടാതെ വിൽപ്പന നടത്തിയതായും വസ്തു കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ വിലയാധാരത്തിൽ ഉൾക്കൊള്ളിച്ചിരുന്നിട്ടും കൈമാറ്റം ചെയ്യുകയുണ്ടായതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ വീട് വയ്ക്കാൻ സ്ഥലം അനുവദിക്കുന്ന സംഗതികളിൽ ചുവടെ വിവരിക്കുന്ന വ്യസ്ഥകൾ ഏർപ്പെടുത്തുന്നു.

1. തദ്ദേശസ്വയംഭരണസ്ഥാപനം ഭൂമി അക്വയർ ചെയ്ത് നൽകുകയോ ഭൂമി വിലയ്ക്ക് വാങ്ങി നൽകുകയോ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന ധനസഹായം വിനിയോഗിച്ച് ഗുണഭോക്താക്കൾ ഭൂമി വാങ്ങുകയോ ചെയ്യുന്ന സംഗതികളിൽ ഭൂമിയുടെ ഉടമസ്ഥത 12 വർഷത്തേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്യണം. ഗുണഭോക്താവിന് ആ ഭൂമിയിൽ കൈവശാവകാശം മാത്രമെ ഉണ്ടായിരിക്കുകയുള്ളുവെന്നും 12 വർഷം കഴിയുന്ന മുറയ്ക്ക് ഉടമസ്ഥാവകാശം ലഭിക്കുന്നതാണെന്നുകൂടി വ്യവസ്ഥ ചെയ്യണം. ഇപ്രകാരം ഭൂമി തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തുന്നതിന് (mortgage ) രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല.

2. ആധാരം 12 വർഷത്തേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കണം.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർമുഖേന)
3. എല്ലാ അഡീഷണൽ ഡെവപ്മെന്റ് കമ്മീണർമാർക്കും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
4. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
10. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
11. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
12. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
13. റവന്യൂ വകുപ്പ്
14. നികുതി വകുപ്പ്
15. ഓഫീസ് കോപ്പി/കരുതൽഫയൽ